കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ബഹുഘടക സഹകരണ സംഘങ്ങൾ ആക്റ്റ്, 1942

**(1942-ലെ 6-ാം നമ്പർ ആക്റ്റ്)**

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

I FD-5

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

0.50

വില :

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ബഹുഘടക സഹകരണ സംഘങ്ങൾ ആക്റ്റ്, 1942

## (1942-ലെ 6-ാം നമ്പർ ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1976

കേന്ദ്ര ഗവൺമെന്റ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# ബഹുഘടക സഹകരണസംഘങ്ങൾ ആക്ററ്, 1942

(1942-ലെ 6-ാം നമ്പർ ആക്ററ്)

[1942 മാർച്ച്, 2]

## ഒരു ഒററ പ്രവിശ്യയിലേക്കായി പരിമിതിപ്പെടുത്തിയിട്ടുള്ള തല്ലാത്ത ലക്ഷ്യങ്ങളോടുകൂടിയ സഹകരണ സംഘങ്ങളുടെ ഏകാംഗീകരണത്തിനും ക്രമപ്പെടുത്തലിനും സമാപനത്തിനും വ്യവസ്ഥ ചെയ്യുവാനുള്ള ആക്ററ്

ഒരു ഒററ പ്രവിശ്യയിലേക്കായി പരിമിതിപ്പെടുത്തിയിട്ടുള്ളതല്ലാത്ത ലക്ഷ്യങ്ങളോടുകൂടിയ സഹകരണ സംഘങ്ങളുടെ ഏകാംഗീകരണത്തിനും ക്രമപ്പെടുത്തലിനും സമാപനത്തിനും വ്യവസ്ഥ ചെയ്യുന്നത് സമീചീനമായിരിക്കുകയാൽ, ഇതിനാൽ താഴെപ്പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും ബാധകമാകലും.—(1) ഈ ആക്ററിന് ബഹുഘടക സഹകരണസംഘങ്ങൾ ആക്ററ്, 1942 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റേററ്റ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാകുന്നു.

(3) ഇത് ഈ ആക്ററിൻെറ പ്രാരംഭത്തിന് മുമ്പ് സഹകരണസംഘ ആക്ററ്, 1912 (1912-ലെ 2)-ൻകീഴിലോ അല്ലെങ്കിൽ സഹകരണസംഘങ്ങൾ സംബന്ധിച്ച് ഏതെങ്കിലും സ്റേററ്റിൽ പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും ആക്ററിൻകീഴിലോ ഏകാംഗീകരിക്കപ്പെട്ടിട്ടുള്ളതും, ഒരു ഒററ സ്റേററ്റിലേക്കായി പരിമിതിപ്പെടുത്തിയിട്ടുള്ളതല്ലാത്ത ലക്ഷ്യങ്ങളോടുകൂടിയതുമായ എല്ലാ സഹകരണ സംഘങ്ങൾക്കും ഈ ആക്ററിൻെറ പ്രാരംഭത്തിനുശേഷം ഏകാംഗീകരിക്കപ്പെടാനുള്ളതും ഒരു ഒററ സ്റേററ്റിലേക്കായി പരിമിതിപ്പെടുത്തിയിട്ടുള്ളതല്ലാത്ത ലക്ഷ്യങ്ങളോടുകൂടിയതുമായ എല്ലാ സഹകരണസംഘങ്ങൾക്കും ബാധകമാകുന്നതാണ്.

2. ഈ ആക്ററ് ബാധകമായിരിക്കുന്നതും ഈ ആക്ററിൻെറ പ്രാരംഭത്തിന് മുമ്പ് രജിസ്ററർ ചെയ്യപ്പെട്ടതുമായ സഹകരണസംഘങ്ങൾ.—(1) ഈ ആക്ററ് ബാധകമായിട്ടുള്ളതും ഏതെങ്കിലും സ്റേററ്റിൽ, സഹകരണസംഘങ്ങൾ സംബന്ധിച്ച് ആ സ്റേററ്റിൽ, പ്രാബല്യത്തിലിരിക്കുന്ന നിയമത്തിൻ കീഴിൽ രജിസ്ററർ ചെയ്യപ്പെട്ടതുമായ ഒരു സഹകരണസംഘം, അതിൻെറ ലക്ഷ്യങ്ങൾ വ്യാപിക്കുന്ന മറേറതെങ്കിലും സ്റേററ്റിൽ, സഹകരണസംഘങ്ങൾ സംബന്ധിച്ച് അവിടെ പ്രാബല്യത്തിലിരിക്കുന്ന നിയമത്തിൻകീഴിൽ ആ സ്റേററ്റിൽ മുറപ്രകാരം രജിസ്ററർ ചെയ്തിട്ടുള്ളതായി കരുതപ്പെടുന്നതും, എന്നാൽ (2)-ം (3)-ം ഉപവകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, രജിസ്ട്രേഷൻേറയും നിയന്ത്രണത്തിൻേറയും വിഘടനത്തിൻേറയും എല്ലാ ആവശ്യങ്ങൾക്കും, അത് യഥാർത്ഥത്തിൽ രജിസ്ററർ ചെയ്യപ്പെട്ടിട്ടുള്ള സ്റേററ്റിൽ സഹകരണ സംഘങ്ങൾ സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലിരിക്കുന്ന നിയമത്തിന് വിധേയമായിരിക്കുന്നതും ആകുന്നു.

3/2633/V.

(2) അങ്ങനെയുള്ള ഏതെങ്കിലും സഹകരണസംഘം, അത് യഥാർത്ഥത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്റ്റേററിലല്ലാതെ മറേറതെങ്കിലും സ്റ്റേററിൽ ഒരു ശാഖയോ, ബിസിനസ്സ് സ്ഥലമോ ഈ ആക്റ്റിന്റെ പ്രാരംഭത്തിനു മുമ്പ് സ്ഥാപിച്ചിരിക്കുകയോ, ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം സ്ഥാപിക്കുകയോ ചെയ്യുന്നിടത്ത്, അത് അതതു സംഗതി പോലെ, ഈ ആക്റ്റിന്റെ പ്രാരംഭം മുതല്ക്കോ ശാഖയോ ബിസിനസ്സ് സ്ഥലമോ സ്ഥാപിക്കുന്ന തീയതി മുതല്ക്കോ ആറു മാസത്തിനുള്ളിൽ ആ ശാഖയോ ബിസിനസ്സ് സ്ഥലമോ സ്ഥാപിക്കുന്ന തീയതി മുതല്ക്കോ ആറു മാസത്തിനുള്ളിൽ, ആ ശാഖയോ, ബിസിനസ്സ് സ്ഥലമോ സ്ഥിതി ചെയ്യുന്ന സ്റ്റേററിലെ സഹകരണസംഘം രജിസ്ട്രാർക്ക് അതിന്റെ രജിസ്റ്റർ ചെയ്ത ബൈലാകളുടെ ഒരു പകർപ്പ് നല്കേണ്ടതും, മേല്പറഞ്ഞ രജിസ്ട്രാർ അതിനോട് മേല്പറഞ്ഞ രജിസ്ട്രാർക്ക്, ആ സ്റ്റേററിൽ യഥാർത്ഥത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു സഹകരണ സംഘം തനിക്ക് സമർപ്പിക്കണമെന്ന് ആവശ്യപ്പെടാവുന്ന ഏതെങ്കിലും വിവരണ പത്രികകളോ, നല്കണമെന്ന്, ആവശ്യപ്പെടാവുന്ന ഏതെങ്കിലും വിവരങ്ങളോ തനിക്ക് സമർപ്പിക്കുകയും, നല്കുകയും ചെയ്യണമെന്ന് ആവശ്യപ്പെടുന്ന ഏതു സമയത്തും, അത് അപ്രകാരം ചെയ്യേണ്ടതും ആകുന്നു.

(3) (2)-ാം ഉപവകുപ്പിൽ പരാമർശിച്ചതുപോലെയുള്ള ശാഖയോ ബിസിനസ്സ് സ്ഥലമോ സ്ഥിതിചെയ്യുന്ന സ്റ്റേററിലെ സഹകരണ സംഘം രജിസ്ട്രാർക്ക്, ആ ശാഖയോ ബിസിനസ്സ് സ്ഥലമോ സംബന്ധിച്ച് ആ സ്റ്റേററിൽ യഥാർത്ഥത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സഹകരണസംഘം സംബന്ധിച്ച് തനിക്ക് പ്രയോഗിക്കാവുന്ന ആഡിററിനും പരിശോധനയ്ക്കുമുള്ള ഏതെങ്കിലും അധികാരം പ്രയോഗിക്കാവുന്നതാണ്.

3. ഈ ആക്റ്റ് ബാധകമായിരിക്കുന്നതും ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം രജിസ്റ്റർ ചെയ്യപ്പെട്ടതുമായ സഹകരണസംഘങ്ങൾ.—(1) ഏതു സംഘമാണോ, അതിന്റെ ലക്ഷ്യങ്ങൾ ഒരു സ്റ്റേററിലേക്ക് പരിമിതിപ്പെടുത്തിയിട്ടുള്ളവയാണെങ്കിൽ, അത് ഏതെങ്കിലും സ്റ്റേററിൽ പ്രാബല്യത്തിലിരിക്കുന്നതും സഹകരണസംഘങ്ങൾ സംബന്ധിച്ചതുമായ നിയമത്തിൻകീഴിൽ ആ സ്റ്റേററിൽ സഹകരണസംഘമായി രജിസ്റ്റർ ചെയ്യപ്പെടാവുന്നത്, അങ്ങനെയുള്ള സംഘം, അതിന്റെ ലക്ഷ്യങ്ങൾ, അതിന്റെ മുഖ്യ ബിസിനസ്സ് സ്ഥലം സ്ഥിതിചെയ്യുന്ന സ്റ്റേററിലേക്ക് പരിമിതിപ്പെടുത്തിയിട്ടില്ലെന്നിരുന്നാലും, സഹകരണസംഘമായുള്ള രജിസ്ട്രേഷന്റെ ആവശ്യത്തിലേക്ക്, മുഴുവനും ആ സ്റ്റേററിൽ സ്ഥിതി ചെയ്യുന്നതായി കരുതപ്പെടുന്നതും അത് ആ സ്റ്റേററിലെ സഹകരണസംഘം രജിസ്ട്രാറാൽ ആ സ്റ്റേററിൽ തൽസമയം പ്രാബല്യത്തിലിരിക്കുന്നതും സഹകരണ സംഘങ്ങൾ സംബന്ധിച്ചതുമായ നിയമത്തിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെടാവുന്നതും, അപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്നുവെങ്കിൽ, അതിന്റെ ലക്ഷ്യങ്ങൾ വ്യാപിക്കുന്ന മറേറതെങ്കിലും സ്റ്റേററിൽ, സഹകരണസംഘങ്ങൾ സംബന്ധിച്ച് അവിടെ പ്രാബല്യത്തിലുള്ള നിയമത്തിൻകീഴിൽ, ആ സ്റ്റേററിൽ മുറപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതായി കരുതപ്പെടുന്നതും, എന്നാൽ (2)-ം (3)-ം ഉപവകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, രജിസ്ട്രേഷന്റേയും നിയന്ത്രണത്തിന്റേയും വിഘടനത്തിന്റേയും എല്ലാ ആവശ്യങ്ങൾക്കും അത് യഥാർത്ഥത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്റ്റേററിൽ തൽസമയം പ്രാബല്യത്തിലിരിക്കുന്നതും സഹകരണസംഘങ്ങൾ സംബന്ധിക്കുന്നതുമായ നിയമത്തിനു വിധേയമായിരിക്കുന്നതും ആണ്.

(2) അങ്ങനെയുള്ള ഏതെങ്കിലും സഹകരണസംഘം, അത് യഥാർത്ഥ ത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്റ്റേററല്ലാത്ത മറേറതെങ്കിലും സ്റ്റേററിൽ ശാഖയോ ബിസിനസ്സ് സ്ഥലമോ സ്ഥാപിക്കുന്നിടത്ത്, അത് ആ ശാഖയോ ബിസിനസ്സോ സ്ഥലമോ സ്ഥാപിക്കുന്ന തീയതി മുതൽ ആറു മാസത്തിനുള്ളിൽ, അങ്ങനെയുള്ള ശാഖയോ ബിസിനസ്സ് സ്ഥലമോ സ്ഥിതിചെയ്യുന്ന സ്റ്റേററിലെ സഹകരണസംഘം രജിസ്ട്രാർക്ക്, അതിന്റെ രജിസ്റ്റർ ചെയ്ത ബൈലാകളുടെ ഒരു പകർപ്പ് നല്കേണ്ടതും, മേല്പറഞ്ഞ രജിസ്ട്രാർ അതിനോട്, മേല്പറഞ്ഞ രജിസ്ട്രാർക്ക് ആ സ്റ്റേററിൽ യഥാർത്ഥത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു സഹകരണസംഘം തനിക്ക് സമർപ്പിക്കണമെന്ന് ആവശ്യപ്പെടാവുന്ന ഏതെങ്കിലും വിവരണ പത്രികകളോ നല്കണമെന്ന് ആവശ്യപ്പെടാവുന്ന ഏതെങ്കിലുംവിവരങ്ങളോ തനിക്കു സമർപ്പിക്കുകയും നല്കുകയും ചെയ്യണമെന്ന് ആവശ്യപ്പെടുന്ന ഏതു സമയത്തും അത് അപ്രകാരം ചെയ്യേണ്ടതും ആകുന്നു.

(3) (2)-ാം ഉപവകുപ്പിൽ പരാമർശിച്ചതുപോലെയുള്ള വിധത്തിലുള്ള ശാഖയോ ബിസിനസ്സ് സ്ഥലമോ സ്ഥിതി ചെയ്യുന്ന സ്റ്റേററിലെ സഹകരണസംഘം രജിസ്ട്രാർക്ക് ആ ശാഖയോ ബിസിനസ്സ് സ്ഥലമോ സംബന്ധിച്ച് ആ സ്റ്റേററിൽ യഥാർത്ഥത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സഹകരണസംഘം സംബന്ധിച്ച് തനിക്ക് പ്രയോഗിക്കാവുന്ന ആഡിററിനും പരിശോധനയ്ക്കുമുള്ള ഏതെങ്കിലും അധികാരങ്ങൾ പ്രയോഗിക്കാവുന്നതാണ്.

4. കേന്ദ്ര സഹകരണസംഘം രജിസ്ട്രാറുടെ നിയമനവും അധികാരങ്ങളും.—(1) കേന്ദ്ര ഗവൺമെന്റിന്, യുക്തമെന്ന് തോന്നുന്നുവെങ്കിൽ, ഒരു കേന്ദ്ര സഹകരണസംഘം രജിസ്ട്രാറെ നിയമിക്കാവുന്നതാണ്.

(2) കേന്ദ്ര സഹകരണസംഘം രജിസ്ട്രാർ, നിയമിക്കപ്പെടുന്ന പക്ഷം, അയാൾ, ഈ ആക്ററ് ബാധകമാകുന്ന ഏതെങ്കിലും സഹകരണ സംഘം സംബന്ധിച്ച്, അങ്ങനെയുള്ള സംഘം യഥാർത്ഥമായി രജിസ്റ്റർ ചെയ്യപ്പെട്ട സ്റ്റേററ് സഹകരണസംഘം രജിസ്ട്രാറാൽ പ്രയോഗിക്കപ്പെടുകയോ നിർവഹിക്കപ്പെടുകയോ ചെയ്യാവുന്ന അധികാരങ്ങളും ചുമതലകളും സ്റ്റേററ് രജിസ്ട്രാർമാരെ ഒഴിവാക്കിക്കൊണ്ട്, പ്രയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യുന്നതാണ്.

5. ഈ ആക്ററിൻകീഴിൽ ആവശ്യപ്പെടുന്ന വിവരം നല്കാതിരിക്കുന്നതിനുള്ള ദണ്ഡനം.—ഏതെങ്കിലും സഹകരണസംഘം 2-ാം വകുപ്പ് (2)-ാം ഉപവകുപ്പിനാലോ അതിൻകീഴിലോ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിനാലോ അതിൻകീഴിലോ അതിനോട് നല്കാൻ ആവശ്യപ്പെടുന്ന വിവരം നല്കാതിരിക്കുകയോ അല്ലെങ്കിൽ ആ ഉപവകുപ്പുകളിൽ ഏതിന്റെയെങ്കിലും കീഴിൽ ആവശ്യപ്പെടുന്ന ഏതെങ്കിലും വിവരണപത്രിക സമർപ്പിക്കാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, ആ സംഘവും, അങ്ങനെ ചെയ്യാതിരിക്കുന്നതിന് ഉത്തരവാദിയായ ഏതെങ്കിലും സംഘോദ്യോഗസ്ഥനും അല്ലെങ്കിൽ സംഘാംഗവും, ഓരോരുത്തനും അൻപതു രൂപയോളമാകാവുന്ന പിഴശിക്ഷയ്ക്ക് അർഹനാകുന്നതും, ആ സംഘത്തിന്റെ രജിസ്ട്രേഷൻ, അത് യഥാർത്ഥത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്റ്റേററിലെ സഹകരണസംഘം രജിസ്ട്രാർക്ക് വിവേകം ഉപയോഗിച്ച് റദ്ദാക്കാവുന്നതും ആണ്.

5 ക. സ്റ്റേററുകളുടെ പുനഃസംഘടന ബാധിക്കുന്ന ചില സഹകരണസംഘങ്ങൾ സംബന്ധിച്ച പരിവർത്തക വ്യവസ്ഥകൾ.—(1) സ്റ്റേററ് പുനഃസംഘടനാ ആക്ററ്, 1956, (1956-ലെ 37) II-ാം ഭാഗത്തിലെ വ്യവസ്ഥകളുടേയോ അല്ലെങ്കിൽ സ്റ്റേററുകളുടെ പുനഃസംഘടന സംബന്ധിച്ച മറേറ

തെങ്കിലും അധിനിയമത്തിന്റേയോ ബലത്തിൽ, പുനഃസംഘടന നടപ്പിൽ വന്ന ദിവസത്തിന് തൊട്ടുമുമ്പ് അതിന്റെ ലക്ഷ്യങ്ങൾ ഒരു സ്റ്റേറ്റിലേയ്ക്ക് പരിമിതപ്പെടുത്തിയിട്ടുണ്ടായിരുന്ന ഏതെങ്കിലും സഹകരണസംഘം ആ ദിവസം മുതൽ ഒരു വിവിധഘടകസഹകരണസംഘം ആയിത്തീരുന്നിടത്ത്, അത് ഈ ആക്റ്റ് ബാധകമാകുന്ന ഒരു സഹകരണസംഘമായി കരുതപ്പെടുന്നതും, ആ സഹകരണസംഘത്തിന്റെ മുഖ്യ ബിസിനസ്സ്സ്ഥലം സ്ഥിതിചെയ്യുന്ന സ്റ്റേററിൽ യഥാർത്ഥത്തിൽ രജിസ്ററർ ചെയ്യപ്പെട്ടതായി കരുതപ്പെടുന്നതും ആകുന്നു.

(2) അങ്ങനെയുള്ള ഏതെങ്കിലും സംഘം ഏതെങ്കിലും രീതിയിൽ പുനഃസംവിധാനംചെയ്യപ്പെടുകയോ പുനഃസംഘടിപ്പിക്കപ്പെടുകയോ ചെയ്യുന്നതോ അല്ലെങ്കിൽ അത് വിഘടനം ചെയ്യപ്പെടുന്നതോ ആവശ്യമാണെന്നോ സമീചീനമാണെന്നോ കേന്ദ്രസഹകരണസംഘം രജിസ്ട്രാർക്ക് തോന്നുന്നുവെങ്കിൽ, അദ്ദേഹത്തിന് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി, ആ സംഘത്തിന്റെ ജനറൽബോഡിയുടെ, ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ കൂടുന്ന ഒരു യോഗത്തിന്റെ മുൻപാകെ,—

(ക) പുതിയ സഹകരണസംഘങ്ങൾ രൂപവൽക്കരിക്കുകയും അവയ്ക്ക് ആ സംഘത്തിന്റെ ആസ്തികളും ബാദ്ധ്യതകളും മുഴുവനായോ ഭാഗികമായോ കൈമാററം ചെയ്യുകയും ചെയ്യുന്നതോ ; അല്ലെങ്കിൽ

(ഖ) ആ സംഘത്തിന്റെ ആസ്തികളുംബാദ്ധ്യതകളും ജനറൽബോഡിയുടെ ആ യോഗത്തിന്റെ തീയതിക്ക് തൊട്ടു മുമ്പ് നിലവിലുണ്ടായിരുന്ന മറേറതെങ്കിലും സഹകരണസംഘങ്ങൾക്ക് മുഴുവനായോ ഭാഗികമായോ കൈമാററം ചെയ്യുന്നതോ,

സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടെ ആ സംഘത്തിന്റെ പുനഃസംവിധാനത്തിനോ, പുനഃസംഘടനയ്ക്കോ അല്ലെങ്കിൽ വിഘടനത്തിനോ ഉള്ള ഒരു പദ്ധതി വയ്ക്കാവുന്നതാണ്.

(3) മേല്പറഞ്ഞ യോഗത്തിൽ സന്നിഹിതരാകുന്ന അംഗങ്ങളുടെ ഭൂരിപക്ഷം പാസ്സാക്കുന്ന ഒരു പ്രമേയം ആ പദ്ധതിക്ക്, രൂപഭേദങ്ങൾ കൂടാതേയോ, അല്ലെങ്കിൽ കേന്ദ്ര രജിസ്ട്രാർ യോജിച്ചുകൊണ്ടുള്ള രൂപഭേദങ്ങളോടുകൂടിയോ, അനുമതി നല്കുന്നുവെങ്കിൽ അദ്ദേഹം ആ പദ്ധതി സർട്ടിഫൈ ചെയ്യേണ്ടതും, അങ്ങനെ സർട്ടിഫൈ ചെയ്തതിൻമേൽ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ റഗുലേഷനിലോ ബൈലായിലോ, വിപരീതമായി എന്തുതന്നെയിരുന്നാലും, ആ പദ്ധതി, അതു ബാധിക്കുന്ന എല്ലാ സംഘങ്ങളേയും, അങ്ങനെയുള്ള എല്ലാ സംഘങ്ങളുടേയും ഓഹരിയുടമകളേയും ഉത്തമർണ്ണൻമാരേയും ബന്ധിക്കുന്നതുമാകുന്നു.

(4) ആ പദ്ധതിക്ക് (3)-ാം ഉപവകുപ്പിൻ കീഴിൽ അനുമതി നല്കുന്നില്ലെങ്കിൽ, കേന്ദ്ര രജിസ്ട്രാർക്ക് അത് സമുചിത ഹൈക്കോടതിയിലെ ചീഫ് ജസ്ററീസ് ഇതിലേയ്ക്കായി നാമനിർദ്ദേശം ചെയ്യുന്ന അതിലെ ഒരു ജഡ്ജിക്ക് റഫർ ചെയ്യാവുന്നതും, പദ്ധതി സംബന്ധിച്ച് ആ ജഡ്ജിയുടെ തീരുമാനം അന്തിമമായിരിക്കുന്നതും, അത് ബാധിക്കുന്ന എല്ലാ സംഘങ്ങളേയും അങ്ങനെയുള്ള എല്ലാ സംഘങ്ങളുടെ ഓഹരിയുടമകളേയും ഉത്തമർണ്ണൻമാരേയും ബന്ധിക്കുന്നതുമാകുന്നു.

വ്യാഖ്യാനം :—ഈ ഉപവകുപ്പിൽ "സമുചിത ഹൈക്കോടതി" എന്നാൽ ഏതു ഹൈക്കോടതിയുടെ അധികാരിതയ്ക്കുള്ളിലാണോ ബഹുഘടക സഹകരണസംഘത്തിന്റെ മുഖ്യ ബിസിനസ്സ് സ്ഥലം സ്ഥിതി ചെയ്യുന്നത്, ആ ഹൈക്കോടതി എന്നർത്ഥമാകുന്നു.

(4ക) ഈ വകുപ്പിൽ എന്തുതന്നെയായിരുന്നാലും, (2)—ാം ഉപവകുപ്പിൻ കീഴിലുള്ള ഒരു പദ്ധതിയിൽ ഏതെങ്കിലും സഹകരണസംഘത്തിന്റെ ആസ്തികളും ബാദ്ധ്യതകളും അതിലെ ഖ ഖണ്ഡത്തിൽ പരാമർശിച്ച മറ്റേതെങ്കിലും നിലവിലുള്ള സഹകരണസംഘത്തിന് കൈമാററം ചെയ്യുന്നതു സംബന്ധിച്ച ഏതെങ്കിലും നിദേശം ഉൾപ്പെടുന്നിടത്ത്, അങ്ങനെയുള്ള കൈമാററം സംബന്ധിച്ച നിർദ്ദേശം, ആ നിലവിലുള്ള സംഘത്താൽ, അതിന്റെ ജനറൽബാഡിയുടെ യോഗത്തിൽ സന്നിഹിതരാകുന്ന അംഗങ്ങളുടെ ഭൂരിപക്ഷം പാസ്സാക്കുന്ന ഒരു പ്രമേയംവഴി സ്വീകരിക്കപ്പെടാത്തപക്ഷം, ആ പദ്ധതി ആ നിലവിലുള്ള സംഘത്തേയോ അതിലെ ഓഹരിയുടമകളേയോ ഉത്തമർണ്ണൻമാരേയോ ബന്ധിക്കുന്നതല്ല.

5ഖ. പ്രത്യായോജനം ചെയ്യാനുള്ള അധികാരം.—കേന്ദ്രഗവൺമെൻറിന് ഔദ്യോഗിക ഗസററിലെ വിജ്ഞാപനംവഴിയുള്ള നിദേശത്തിൽ വിനിർദ്ദേശിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച ഉപാധികൾക്ക് വിധേയമായും കേന്ദ്ര സഹകരണസംഘം രജിസ്ട്രാറാൽ ഈ ആക്ററിൻകീഴിൽ പ്രയോഗിക്കപ്പെടാവുന്ന ഏതെങ്കിലും അധികാരമോ, പ്രാധികാരമോ, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന സ്റേററ്റ് സഹകരണസംഘം രജിസ്ട്രാറാലോ അല്ലെങ്കിൽ കേന്ദ്രഗവൺമെൻറിനോ സ്റേററുഗവൺമെൻറിനോ കീഴിലുള്ളതും വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്നതും ആയ ഉദ്യോഗസ്ഥനാലോ കൂടിയും പ്രയോഗിക്കപ്പെടാവുന്നതാണെന്നും അങ്ങനെയുള്ള വിജ്ഞാപനംവഴി അങ്ങനെ നിദേശിക്കാവുന്നതാണ്.

5ഗ. ചില ബഹുഘടകസഹകരണസംഘങ്ങൾ സംബന്ധിച്ച പരിവർത്തക വ്യവസ്ഥകൾ.—(1) ബോംബേ പുനഃസംഘടനാ ആക്ററ്, 1960 (1960–ലെ 11)-ലെ പന്ത്രണ്ടാം പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ളതും 5ക. വകുപ്പിലെ (1)—ാം ഉപവകുപ്പിലെ വ്യവസ്ഥകളിൻകീഴിൽ ഒരു ബഹുഘടക സഹകരണ സംഘം ആയിതീരുന്നതുമായ ഏതെങ്കിലും സഹകരണസംഘം സംബന്ധിച്ച്, ഡയറക്ടർ ബോർഡ്, പുതിയ സഹകരണസംഘങ്ങൾ രൂപവൽക്കരിക്കുകയും അവയ്ക്ക് ആ സംഘത്തിന്റെ ആസ്തികളും ബാദ്ധ്യതകളും ജീവനക്കാരേയും കൈമാററം ചെയ്യുകയും ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടെ സംഘത്തിന്റെ പുനഃസംവിധാനത്തിനോ പുനഃസംഘടനയ്ക്കോ വിഘടനത്തിനോ ഉള്ള ഏതെങ്കിലും പദ്ധതി ഐകകണ്ഠ്യേന സ്വീകരിക്കുകയും, ബാംബേ സ്റേററ് ഗവൺമെൻറ് 1960 മേയ് 1–ാം ദിവസത്തിനുമുമ്പ് ഏതെങ്കിലും സമയത്ത് ആ പദ്ധതി സർട്ടിഫൈ ചെയ്യുകയും ചെയ്യുന്നിടത്ത്, മേല്പറഞ്ഞ വകുപ്പിലെ (2)–ാം ഉപവകുപ്പിലോ (3)-ാം ഉപവകുപ്പിലോ (4)-ാം ഉപവകുപ്പിലോ അല്ലെങ്കിൽ ആ സംഘം സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ റഗുലേഷനിലോ ബൈലായിലോ എന്തുതന്നെയടങ്ങിയിരുന്നാലും, അപ്രകാരം സർട്ടിഫൈ ചെയ്യപ്പെട്ട പദ്ധതി അതു ബാധിക്കുന്ന എല്ലാസംഘങ്ങളേയും അങ്ങനെയുള്ള എല്ലാ സംഘങ്ങളുടേയും ഓഹരിയുടമകളുടേയും ഉത്തമർണ്ണൻമാരേയും ജീവനക്കാരേയും, (3)—ാം ഉപവകുപ്പിൻകീഴിൽ ഇതിലേക്ക് നിദേശിക്കപ്പെടുന്നപോലെയുള്ള ധനപരമായ നീക്കുപോക്കുകൾക്ക് വിധേയമായി, ബന്ധിക്കുന്നതും, എന്നാൽ മേല്പറഞ്ഞ ദിവസത്തിനു മുമ്പ് അങ്ങനെയുള്ള യാതൊരു പദ്ധതിക്കും പ്രഭാവം നല്കപ്പെടുന്നതല്ലാത്തതും ആകുന്നു.

(2) ഒരു സഹകരണസംഘം സംബന്ധിച്ച ഒരു പദ്ധതി, അപ്രകാരം സർട്ടിഫൈ ചെയ്യപ്പെടുമ്പോൾ, കേന്ദ്രരജിസ്ട്രാർ, ആ പദ്ധതി അത് സർട്ടിഫൈചെയ്ത തീയതിക്ക് തൊട്ടുമുമ്പ് ആ സംഘത്തിലെ അംഗങ്ങളായിരുന്ന എല്ലാവരുടേയും ഈ ആക്ററിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിൽ നിർണ്ണയി

ക്കുന്ന രീതിയിൽ കൂടുന്ന ഒരു യോഗത്തിൽ വയ്ക്കേണ്ടതും പദ്ധതി മേല്പറഞ്ഞ, യോഗത്തിൽ സന്നിഹിതരാവുകയും വോട്ടു ചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ ഭൂരിപക്ഷം പാസ്സാക്കുന്ന പ്രമേയം വഴി അംഗീകരിക്കപ്പെടാവുന്നതുമാണ്.

(3) ആ പദ്ധതി പ്രകാരം അംഗീകരിക്കപ്പെടാതിരിക്കുകയോ രൂപഭേദങ്ങളോടുകൂടി അംഗീകരിക്കപ്പെടുകയോ ചെയ്യുന്നുവെങ്കിൽ, കേന്ദ്രരജിസ്ട്രാർക്ക് അത് ബാംബേ ഹൈക്കോടതിയിലെ ചീഫ് ജസ്ററിസ് ഇതിലേക്കായി നാമനിർദ്ദേശം ചെയ്യുന്ന അതിലെ ഒരു ജഡ്ജിക്ക് റഫർ ചെയ്യാവുന്നതും, ആ ജഡ്ജിക്ക് പദ്ധതി ബാധിക്കുന്ന സംഘങ്ങൾക്കിടയിൽ അദ്ദേഹത്തിന് ആവശ്യമെന്ന് തോന്നുന്ന ധനപരമായ നീക്കുപോക്കുകൾ ചെയ്യുവാൻ നിദേശിക്കാവുന്നതും പദ്ധതി അങ്ങനെയുള്ള ധനപരമായ നീക്കുപോക്കുകൾക്ക് വിധേയമായി അംഗീകരിക്കപ്പെട്ടതായി കരുതപ്പെടുന്നതുമാകുന്നു.

(4) (3)-ാം ഉപവകുപ്പിൻകീഴിൽ നല്കുന്ന നിദേശങ്ങളുടെ അനന്തരഫലമായി ഒരു സംഘം, ഏതെങ്കിലും പണത്തുക കൊടുക്കുവാൻ ബാദ്ധ്യസ്ഥമായിത്തീരുന്നുവെങ്കിൽ ഏത് സ്റേററ് പ്രദേശത്താണോ സംഘം സ്ഥിതിചെയ്യുന്നത്, ആ സ്റേററിന് അങ്ങനെയുള്ള പണം കൊടുക്കുന്നതു സംബന്ധിച്ച ഗാറണ്ടി നല്കുന്നതെന്ന നിലയിൽ ബാദ്ധ്യതയുണ്ടായിരിക്കുന്നതാണ്.

5ഘ. <u>ചില ബഹുഘടക സഹകരണസംഘങ്ങൾ സംബന്ധിച്ച പരിവർത്തക വ്യവസ്ഥകൾ.</u>—(1) പഞ്ചാബ് പുന:സംഘടന ആക്ററ്, 1966 (1966 ലെ 31)-ലെ പതിനഞ്ചാം പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ളതും 5ക വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളിൻകീഴിൽ ഒരു ബഹുഘടക സഹകരണസംഘം ആയിത്തീരുന്നതുമായ ഏതെങ്കിലും സഹകരണസംഘം സംബന്ധിച്ച് ഡയറക്ററർബോർഡ്—

(ക) പുതിയ സഹകരണസംഘങ്ങൾ രൂപവൽക്കരിക്കുകയും അവയ്ക്ക് ആ സംഘത്തിലെ ആസ്തികളും ബാദ്ധ്യതകളും ജീവനക്കാരേയും മുഴുവനായോ ഭാഗികമായോ കൈമാററം ചെയ്യുകയും ചെയ്യുന്നതോ, അല്ലെങ്കിൽ

(ഖ) ആ സംഘത്തിൻെറആസ്തികളും ബാദ്ധ്യതകളും ജീവനക്കാരേയും മുഴുവനായോ ഭാഗികമായോ നിലവിലുള്ള പഞ്ചാബ് സ്റേററിലോ ഹിമാചൽപ്രദേശിലോ ഉള്ള മറേറതെങ്കിലും സഹകരണസംഘത്തിന് കൈമാററം ചെയ്യുന്നതോ, സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടെ ആ സംഘത്തിൻെറ പുനഃസംവിധാനത്തിനോ, പുന:സംഘടനയ്ക്കോ അല്ലെങ്കിൽ വിഘടനത്തിനോ ഉള്ള ഏതെങ്കിലും പദ്ധതി ഡയക്ററർമാരുടെ നാലിൽ മൂന്നുഭാഗത്തിൽ കുറയാത്ത ഭൂരിപക്ഷത്തോടുകൂടി സ്വീകരിക്കുകയും പഞ്ചാബ് സ്റേററ് ഗവൺമെൻറ് 1966 നവംബർ 1-ാം ദിവസത്തിന് മുമ്പ് ഏതെങ്കിലും സമയത്ത് ആ പദ്ധതി സർട്ടിഫൈചെയ്യുകയും ചെയ്യുന്നിടത്ത്, മേല്പറഞ്ഞവകുപ്പിലെ (2)-ാം ഉപവകുപ്പിലോ, (3)-ാം ഉപവകുപ്പിലോ (4)-ാം ഉപവകുപ്പിലോ അല്ലെങ്കിൽ ആ സംഘം സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ റഗുലേഷനിലോ ബൈലായിലോ എന്തുതന്നെയടങ്ങിയിരുന്നാലും, അപ്രകാരം സർട്ടിഫൈ ചെയ്യപ്പെട്ട പദ്ധതി, അത് ബാധിക്കുന്ന എല്ലാ സംഘങ്ങളേയും അങ്ങനെയുള്ള എല്ലാ സംഘങ്ങളുടേയും ഓഹരി ഉടമ

കളേയും ഉത്തമർണ്ണൻമാരേയും ജീവനക്കാരേയും, (3)-ാം ഉപവകുപ്പിൻകീഴിൽ ിതിലേയ്ക്ക് നിർദ്ദേശിക്കപ്പെടുന്നപോലെയുള്ള ധനപരമായ നീക്കുപോക്കുകൾക്ക് വിധേയമായി, ബന്ധിക്കുന്നതും, എന്നാൽ മേല്പറഞ്ഞ ദിവസത്തിന് മുമ്പ് അങ്ങനെയുള്ള യാതൊരു പദ്ധതിക്കും പ്രഭാവം നല്കപ്പെടാവുന്നതല്ലാത്തതും ആകുന്നു:

എന്നാൽ ഒരു പദ്ധതിയിൽ ഖ ഖണ്ഡത്തിൽ പരാമർശിച്ച ഏതെങ്കിലും സഹകരണസംഘത്തിന് ആസ്തികളും ബാദ്ധ്യതകളും ജീവനക്കാരേയും കൈമാററം ചെയ്യുന്നത് സംബന്ധിച്ച ഏതെങ്കിലും നിർദ്ദേശം ഉൾപ്പെടുന്നിടത്ത്, അങ്ങനെയുള്ള കൈമാററം സംബന്ധിച്ച നിർദ്ദേശം ആ നിലവിലുള്ള സംഘത്താൽ അതിന്റെ ജനറൽ ബോഡിയുടെ യോഗത്തിൽ സന്നിഹിതരാകുന്ന അംഗങ്ങളുടെ ഭൂരിപക്ഷം പാസ്സാക്കുന്ന പ്രമേയം വഴി സ്വീകരിക്കപ്പെടാത്ത പക്ഷം, ആ പദ്ധതി ആ നിലവിലുള്ള സംഘത്തേയോ അതിലെ ഓഹരി ഉടമകളേയോ ഉത്തമർണ്ണൻമാരേയോ ബന്ധിക്കുന്നതല്ല.

(2) ഒരു സഹകരണസംഘം സംബന്ധിച്ച ഒരു പദ്ധതി, അപ്രകാരം സർട്ടിഫൈചെയ്യപ്പെടുമ്പോൾ, കേന്ദ്രരജിസ്ട്രാർ ആ പദ്ധതി, അത് സർട്ടിഫൈ ചെയ്ത തീയതിക്ക് തൊട്ടുമുമ്പ് ആ സംഘത്തിലെ അംഗങ്ങളായിരുന്ന എല്ലാവരുടേയും ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിൽ നിർണ്ണയിക്കുന്ന രീതിയിൽകൂടുന്ന ഒരു യോഗത്തിൽ വയ്ക്കേണ്ടതും പദ്ധതി മേല്പറഞ്ഞ യോഗത്തിൽ സന്നിഹിതരാവുകയും വോട്ടുചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ ഭൂരിപക്ഷം പാസ്സാക്കുന്ന പ്രമേയം വഴി അംഗീകരിക്കപ്പെടാവുന്നതും ആണ്.

(3) ആ പദ്ധതി അപ്രകാരം അംഗീകരിക്കപ്പെടാതിരിക്കുകയോ രൂപഭേദങ്ങളോടുകൂടി അംഗീകരിക്കപ്പെടുകയോ ചെയ്യുന്നുവെങ്കിൽ, കേന്ദ്രരജിസ്ട്രാർക്ക് അത് പഞ്ചാബ് ഹരിയാന ഹൈക്കോടതിയിലെ ചീഫ് ജസ്ററീസ് ഇതിലേക്കായി നാമനിർദ്ദേശം ചെയ്യുന്ന അതിലെ ഒരു ജഡ്ജിയ്ക്ക് റഫർ ചെയ്യാവുന്നതും, ആ ജഡ്ജിക്ക് പദ്ധതി ബാധിക്കുന്ന സംഘങ്ങൾക്കിടയിൽ അദ്ദേഹത്തിന് ആവശ്യമെന്ന് തോന്നുന്ന ധനപരമായ നീക്കുപോക്കുകൾ ചെയ്യുവാൻ നിദേശിക്കാവുന്നതും പദ്ധതി അങ്ങനെയുള്ള ധനപരമായ നീക്കുപോക്കുകൾക്ക് വിധേയമായി അംഗീകരിക്കപ്പെട്ടതായി കരുതപ്പെടുന്നതുമാകുന്നു.

(4) (3)-ാം ഉപവകുപ്പിൻകീഴിൽ നല്കുന്ന നിദേശങ്ങളുടെ അനന്തരഫലമായി ഒരു സംഘം ഏതെങ്കിലും പണത്തുക കൊടുക്കുവാൻ ബാദ്ധ്യസ്ഥമായിത്തീരുന്നുവെങ്കിൽ, ഏത് പിൻഗാമി സ്റേററിന്റെ പ്രദേശത്താണോ സംഘം സ്ഥിതി ചെയ്യുന്നത്, ആ സ്റേററ് അങ്ങനെയുള്ള പണംകൊടുക്കുന്നത് സംബന്ധിച്ച് ഗാരണ്ടി നല്കുന്നവനായി കരുതപ്പെടുന്നതും അതിന് ആ നിലയിൽ ബാദ്ധ്യതയുണ്ടായിരിക്കുന്നതുമാണ്.

6. ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് കേന്ദ്രഗവൺമെൻറിനുള്ള അധികാരം.—(1) കേന്ദ്രഗവൺമെൻറിന് ഈ ആക്ററിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുവേണ്ടി ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കുന്ന ഒരോ ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗത്തിൽ പാർലമെന്റ് സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ അതിന്റെ ഓരോ സഭയിലും ഒരു സമ്മേളനത്തിലോ തുടർച്ചയായി രണ്ട് സമ്മേളനങ്ങളിലോ ആയി അടങ്ങുന്ന ആകെ മുപ്പത് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, അതുഅപ്രകാരം വയ്ക്കപ്പെടുന്ന സമ്മേളനമോ അതിനെ തൊട്ടുപിൻതുടരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തണമെന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരു സഭകളും ആ ചട്ടം ഉണ്ടാക്കാൻ പാടില്ലെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം, ആ ചട്ടത്തിന്, അതത് സംഗതി പോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ പ്രാബല്യം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും, എന്നാൽ അത് അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രാബല്യശൂന്യമാക്കലോ, ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്തിട്ടുള്ള ഏതിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധമായിരിക്കുന്നതും ആകുന്നു.